**ചരക്കുസേവന നികുതി**

48 (3477) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചരക്കുസേവന നികുതി സമ്പ്രദായം പരമാവധി സംസ്ഥാനത്തിന് അനുകൂലമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പൂർണ്ണമായും ഓൺലൈൻ സമ്പ്രദായമായ ജി.എസ്.ടി-യിലെ നികുതി വെട്ടിപ്പ് തടയുന്നതിനുള്ള നടപടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. ANPR സമ്പ്രദായം ഉപയോഗിച്ചുള്ള ഇ-വേ ബിൽ പരിശോധന, ഡാറ്റാ അനാലിസിസ് തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ നികുതി വെട്ടിപ്പ് പെട്ടെന്ന് കണ്ടെത്തി കൂടുതൽ കാര്യക്ഷമമായി നടപടികൾ സ്വീകരിക്കാൻ കഴിയും. ഇത് കൂടാതെ സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആധുനികവത്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

**നികുതികളോട് ചേർത്തുള്ള സെസ്**

49 (3479) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം നികുതികളോട് ചേർത്ത് സെസ് ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) ഇപ്രകാരം പിരിച്ചെടുക്കുന്ന സെസ് അതതു മേഖലകളിലാണോ ചെലവഴിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ലൈബ്രറി/പ്രളയ സെസ് വകമാറ്റി ചെലവഴിക്കുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ;

(ഡി) സമാഹരിച്ചെടുത്ത പ്രളയ സെസിൽ റീബിൽഡ് കേരള പദ്ധതിക്കായി നാളിതുവരെ ചെലവഴിച്ച തുകയും വിവിധ പദ്ധതികളും വ്യക്തമാക്കുമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**നികുതി ചോർച്ച**

50(3481) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നികുതി ചോർച്ച ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്രമാത്രമെന്ന വിശദമായ കണക്ക് നൽകാമോ;